**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 478** **12-08-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ പുനരുജ്ജീവന പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൊവിഡ് കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ, ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി പ്രഖ്യാപിച്ച ആയിരത്തി നാനൂറ്റി പതിനാറ് കോടി രൂപയുടെ പ്രത്യേക പാക്കേജിന്റെ വിശദാംശം ലഭ്യമാക്കുമോ; മുൻഗണനാ മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ടോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉല്പാദനവും വിപണനവും പ്രതിസന്ധിയിലായ വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികൾ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. 1. കോവിഡ് 19 ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതി (scheme for interest subvention on term loan and working capital loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. 2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ |

| | | | |
|---|---|---|---|
| | | | വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും. 4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. കോവിഡ് സമാശ്വാസ പദ്ധതിയിൽ മുൻഗണനാമേഖലയിൽ പ്രത്യേക ആനുകൂല്യം പ്രഖ്യാപിച്ചിട്ടില്ല എന്നാൽ മേൽ പറയുന്ന സംരംഭക സഹായ പദ്ധതിയിൽ ചില മേഖലകളെ മുൻഗണനാ മേഖലയിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി അനുവദിച്ച വരുന്നുണ്ട്. |
| (ബി) | കെ.എസ്.ഐ.ഡി.സി.യിൽ നിന്ന് വായ്പയെടുത്ത് സംരംഭങ്ങൾ നടത്തിയവർക്ക് ആശ്വാസ പദ്ധതിയുണ്ടോ; | (ബി) | കോവിഡ്-19 പകർച്ചവ്യാധി മൂലം ദുരിതത്തിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനായി കേരള ഗവൺമെന്റ് വ്യവസായ ഭദ്രത എന്നപേരിൽ ഒരു പ്രത്യേക സമാശ്വാസ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് അനുസരിച്ച് കെ.എസ്.ഐ.ഡി.സി.യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പ്രവർത്തന മൂലധനത്തിനായി 200 ലക്ഷം വരെയുള്ള ഹ്രസ്വകാല വായ്പകളും പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും തുടങ്ങിയ ഇളവുകളും ലഭ്യമാക്കിയിരുന്നു. നിലവിലുള്ള സംരംഭകർക്ക് വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകുകയും നിലവിൽ അടച്ചു തീർക്കാൻ ഉള്ള പലിശ (പിഴപ്പലിശ ഒഴിവാക്കി) ഘട്ടംഘട്ടമായി അടച്ചു തീർക്കാൻ ഉള്ള സൗകര്യവും ലഭ്യമാക്കിയിരുന്നു. വായ്പയിൽ മുതൽ തിരിച്ചടവിന് ആറു മാസത്തെ മോറട്ടോറിയവും നൽകിയിരുന്നു. കോവിഡ്-19 രണ്ടാം വരവിനെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഇതിന്റെ ഒരു രണ്ടാം പതിപ്പായി കേരള ഗവൺമെന്റ് കോവിഡ് 19 സമാശ്വാസ പദ്ധതി എന്നപേരിൽ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം |

| | | | |
|---|---|---|---|
| | | | നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്ന് മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ എന്നിവ നടപ്പിലാക്കുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ എസ്.ഡി.എഫ്.കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശ രഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. |
| (സി) | കൊവിഡിനെത്തുടർന്ന് ഇരുപതിനായിരത്തോളം വ്യാപാരികൾ കച്ചവടം അവസാനിപ്പിക്കാൻ നിർബന്ധിതരായെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഇവർക്ക് ഏതെങ്കിലും തരത്തിലുള്ള സഹായം ലഭ്യമാക്കാൻ കഴിയുമോ എന്നു പരിശോധിക്കുമോ? | (സി) | വ്യാപാരി ക്ഷേമനിധി ബോർഡ് 2020-21 സാമ്പത്തിക വർഷങ്ങളിൽ ദുരിതത്തിലായ വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് പിഴ ഒഴിവാക്കി അംഗത്വം പുതുക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. അതോടൊപ്പം അംഗത്വം പുതുക്കുന്നതിനുള്ള കാലാവധിയും നീട്ടിയിട്ടുണ്ട്. സർക്കാരിൽ നിന്നോ വ്യാപാരി ക്ഷേമനിധിയിൽ നിന്നോ പെൻഷനോ മറ്റ് കോവിഡ് സാമ്പത്തിക സഹായമോ ലഭിക്കാത്ത വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് 1000/- രൂപ കോവിഡ് 19 ലോക്ക് ഡൗൺ ധനസഹായം അനുവദിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. വ്യാപാരി ക്ഷേമനിധി വഴി 9000 അംഗങ്ങൾക്ക് പ്രതിമാസം പെൻഷൻ വിതരണം ചെയ്തുവരുന്നുമുണ്ട്. ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ള വ്യവസായ സംരംഭകരെ കോവിഡ് പ്രതിസന്ധിയിൽ സംരക്ഷിക്കുന്നതിനായി ലോണിന്റെ നിശ്ചിത ശതമാനം സർക്കാർ വഹിക്കുന്നതുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അടങ്ങിയ പാക്കേജും സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ